# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം: 125

21.01.2014 -ൽ മറുപടി നൽകേണ്ടത്

## ചട്ട വിരുദ്ധ കെട്ടിട നിർമ്മാണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി. കെ. ഗുരുദാസൻ :<br>ശ്രീ. പി. ശ്രീരാമകൃഷ്ണൻ :<br>ശ്രീ. റ്റി. വി. രാജേഷ് : | ശ്രീ. മഞ്ഞളാംകുഴി അലി<br>നഗരകാര്യവും ന്യൂനപക്ഷക്ഷേമവും<br>വകുപ്പു മന്ത്രി |

(എ) ചട്ടവിരുദ്ധമായി നിർമ്മിച്ചിട്ടുള്ള കെട്ടിടങ്ങൾ നിയമാനുസൃതമാക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ ;

(എ) കേരള മുനിസിപ്പാലിറ്റി ആക്ടിലെ 407-ാം വകുപ്പ്, കേരള പഞ്ചായത്ത് രാജ് ആക്ടിലെ 235 AB വകുപ്പ് എന്നിവ പ്രകാരം സർക്കാരിൽ നിക്ഷിപ്തമായ അധികാരം വിനിയോഗിച്ച് 31-03-2013 വരെ നിർമ്മിച്ചിട്ടുള്ള നിയമാനുസൃതമല്ലാത്ത കെട്ടിടങ്ങൾ നിബന്ധനകൾക്ക് വിധേയമായി ക്രമവൽക്കരിക്കുന്ന വിഷയം പരിഗണിക്കുവാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ആയതിലേയ്ക്കായി കേരള മുനിസിപ്പാലിറ്റി ആക്ടിലെ 407-ാം വകുപ്പ് ഭേദഗതി ചെയ്യുകയും കേരള പഞ്ചായത്ത് രാജ് ആക്ടിലെ 235 AB വകുപ്പ് ഭേദഗതി ചെയ്യുന്നതിനുള്ള ഓർഡിനൻസ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. ഇതനുസരിച്ചുള്ള ചട്ടങ്ങൾ പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) അനധികൃത കെട്ടിടനിർമ്മാണങ്ങൾ നിയമാനുസൃതമാക്കാനുള്ള തീരുമാനം കോടതിവിധികളുടെ ലംഘനമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) അനധികൃതമായി നിർമ്മിച്ചിട്ടുള്ള കെട്ടിടങ്ങൾ ക്രമവൽക്കരിക്കുന്നതുമായി ബന്ധപ്പെട്ടുള്ള ചില കോടതി വിധികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കേരള മുനിസിപ്പാലിറ്റി ആക്ടിലെ 407-ാം വകുപ്പ്, കേരള പഞ്ചായത്ത് രാജ് ആക്ടിലെ 235 AB വകുപ്പ് എന്നിവ പ്രകാരം അനധികൃത കെട്ടിട നിർമ്മാണങ്ങൾക്ക് ഒരു കോമ്പൗണ്ടിംഗ് ഫീ ഈടാക്കിക്കൊണ്ട് ക്രമവൽക്കരിക്കാൻ സർക്കാരിന് അധികാരമുണ്ട്.

(സി) ഇത്തരത്തിൽ ഒരു തീരുമാനം കൈക്കൊള്ളാൻ പ്രേരിപ്പിച്ച ഘടകങ്ങൾ എന്തൊക്കെയാണ് ; മുഖ്യഘടകം സംബന്ധിച്ചുയർന്നുവന്ന ആക്ഷേപങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) അനധികൃത നിർമ്മാണങ്ങൾ ക്രമവൽക്കരിയ്ക്കുന്നതു സംബന്ധിച്ച് 1999 -ലും 2010-ലും ചട്ടങ്ങൾ പുറപ്പെടുവിച്ചിരുന്നു. ആയതു പ്രകാരം 31-12-2008 വരെയുള്ള അനധികൃത നിർമ്മാണങ്ങൾ

ക്രമവൽക്കരിയ്ക്കുവാനുള്ള അവസരം ഉണ്ടായിരുന്നു. എന്നാൽ വ്യവസ്ഥകൾ ഏറെ കർക്കശമായിരുന്നതിനാൽ വളരെക്കുറച്ച് നിർമ്മാണങ്ങൾ മാത്രമാണ് ക്രമവൽക്കരിച്ചു നൽകിയത്. ഭൂരിഭാഗം കെട്ടിടങ്ങളും അനധികൃതമായി തന്നെ നിലകൊണ്ടു. ഇതുമൂലം നികുതിയിനത്തിൽ ലഭിയ്ക്കേണ്ട വൻതുക തദ്ദേശഭരണസ്ഥാപനങ്ങൾക്ക് ലഭിച്ചില്ലെന്നു മാത്രമല്ല കുറഞ്ഞ വിസ്തൃതിയിൽ വാസഗൃഹങ്ങളും മറ്റും നിർമ്മിച്ചിരുന്ന സാധാരണക്കാർക്ക് സർക്കാരിന്റെ ക്ഷേമപദ്ധതികളുടെ ആനുകൂല്യം ലഭിയ്ക്കുന്നതിനും മറ്റും ഏറെ പ്രയാസം നേരിടേണ്ടതായും വന്നു.

അനധികൃതമായി നിർമ്മിച്ചിട്ടുള്ള കെട്ടിടങ്ങൾക്ക് U. A (അൺഓതറൈസ്ഡ്) നമ്പർ ഇട്ടു നൽകുമെങ്കിലും ക്രമേണ കെട്ടിടമുടമകൾ തദ്ദേശഭരണസ്ഥാപനങ്ങളെ സ്വാധീനിച്ച് സ്ഥിര നമ്പർ വാങ്ങുന്നതായാണ് കണ്ടുവരുന്നത്. സംസ്ഥാനത്തെ അഞ്ച് മുനിസിപ്പൽ കോർപ്പറേഷനുകളിലായി ഏകദേശം 25000 ത്തോളം അനധികൃത നിർമ്മാണങ്ങളുണ്ടെന്നാണ് കണക്കാക്കിയിട്ടുള്ളത്. ഒൻപത് മുനിസിപ്പാലിറ്റികളിലെ കണക്കുകൾ പരിശോധിച്ചതിൽ അനധികൃതമായി അയ്യായിരത്തോളം നിർമ്മാണങ്ങൾ ഉള്ളതായി റിപ്പോർട്ട് ചെയ്തിരുന്നു. ഇത്തരം ഒരു സാഹചര്യത്തിലാണ് കർശനമായ വ്യവസ്ഥകൾക്കു വിധേയമായും, സേഫ്റ്റി, സെക്യൂരിറ്റി എന്നിവയ്ക്ക് യാതൊരു compromise ഉം ഇല്ലാതെയും പരിസ്ഥിതിയ്ക്ക് കോട്ടം വരാതെയും ഭീമമായ തുക പിഴയായി ഈടാക്കിക്കൊണ്ട് അനധികൃത നിർമ്മാണങ്ങൾ ക്രമവൽക്കരിച്ചു നൽകുവാൻ ഉദ്ദേശിച്ചിട്ടുള്ളത്. ഇതു സംബന്ധിച്ച് ഉയർന്നുവരാനിടയുള്ള ആക്ഷേപങ്ങൾ കൂടി കണക്കിലെടുത്തശേഷമാണ് ഇക്കാര്യത്തിൽ തീരുമാനം എടുത്തിട്ടുള്ളത്.

(ഡി) പ്രസ്തുത തീരുമാനം അവിടെ വസിക്കുന്നവരുടെ സുരക്ഷയെ ഏതെല്ലാം തരത്തിൽ ബാധിക്കുമെന്ന് വിലയിരുത്തിയിട്ടുണ്ടോ ?

(ഡി) സേഫ്റ്റിയും സെക്യൂരിറ്റിയും യാതൊരു വിട്ടുവീഴ്ചയുമില്ലാതെയാണ് അനധികൃത കെട്ടിട നിർമ്മാണങ്ങൾ ക്രമവൽക്കരിക്കാൻ തീരുമാനിച്ചിട്ടുള്ളത്. കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ സുരക്ഷാസംബന്ധമായ വ്യവസ്ഥകളായ ഓവർഹെഡ് ഇലക്ട്രിക് ലൈനിൽ നിന്നുള്ള ദൂരപരിധി [(ചട്ടം 23 (5)] , അംഗപരിമിതരായ വ്യക്തികൾക്കായുള്ള സൗകര്യങ്ങൾ (ചട്ടം 40 എ), ഫയർ എസ്കേപ്പ് സ്റ്റെയർ (ചട്ടം 42), ഗ്രൂപ്പ് ഐ (1), ഐ (2) എന്നീ ഹസാർഡസ് ഒക്യുപൻസി കെട്ടിടങ്ങൾക്കായുള്ള പ്രത്യേക വ്യവസ്ഥകൾ [(ചട്ടം 59(3)

മുതൽ (13) വരെ], ഹൈറൈസ് കെട്ടിടങ്ങൾക്കായുള്ള സുരക്ഷാ വ്യവസ്ഥകൾ (ചട്ടം 112 മുതൽ 119 വരെ), ടെലികമ്മ്യൂണിക്കേഷൻ ടവറുകൾക്കായുള്ള സുരക്ഷാ വ്യവസ്ഥകൾ (ചട്ടം 134 മുതൽ 137 വരെ), അതതു സാഹചര്യങ്ങൾക്കനുസൃതമായ മറ്റു സുരക്ഷാ വ്യവസ്ഥകൾ പാലിക്കുന്ന നിയമാനുസൃതമല്ലാത്ത കെട്ടിട നിർമ്മാണങ്ങൾ ക്രമവൽക്കരിക്കുന്ന കാര്യമാണ് സർക്കാരിന്റെ പരിഗണനയിലുള്ളത്.

സെക്ഷൻ ഓഫീസർ